വില്ലേജ് റോഡ് വിഭാഗത്തിന്റെ കീഴിലായതുകൊണ്ട് ഈ വർഷത്തെ ബഡ്ജറ്റ് പ്രൊവിഷനിൽ ചേർത്തിട്ടില്ല. പ്രസ്തുത റോഡ് മേജർ ഡിസ്ട്രിക്ട് റോഡാക്കി ഉയർത്താനുള്ള നിർദ്ദേശം പരിശോധിച്ചു വരുന്നു. ലോക്കൽ അഡ്മിനിസ്ട്രേഷൻ വകുപ്പ് മേജർ ഡിസ്ട്രിക്ട് റോഡായി ഏറ്റെടുത്താൽ ഈ പാലം പണിയാനുള്ള നടപടി പി.ഡബ്ല്യു.ഡി സ്വീകരിക്കുന്നതാണ്.

(16) പാലക്കാട് ഡിപ്പോയിൽ ഡ്രൈവർമാരുടെ കുറവ് മൂലം സർവ്വീസുകൾ റദ്ദാക്കുന്നത് സംബന്ധിച്ച്

ശ്രീ. വി. കെ. ചന്ദ്രൻ : സർ, പാലക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഡ്രൈവർമാരുടെ കുറവ് മൂലം പ്രതിദിനം പത്തോളം സർവ്വീസുകൾ റദ്ദു ചെയ്തു വരുന്നു. ഇതുമൂലം പാലക്കാട് ജില്ലയിലെ തൃത്താല പോലുള്ള പടിഞ്ഞാറൻ പ്രദേശങ്ങളിൽ വളരെയേറെ പ്രയാസങ്ങൾ യാത്രക്കാർ അനുഭവിക്കുന്നുണ്ട്. ഇവിടെ വിദ്യാർത്ഥികൾ കെ.എസ്.ആർ.ടി.സി. ബസ്സിനെയാണ് യാത്ര ചെയ്യുന്നതിനായി ആശ്രയിക്കുന്നത്. തൃത്താല മേഖലയുമായി ബന്ധപ്പെട്ടു പോകുന്ന പാലക്കാട്-കുറ്റിപ്പുറം സർവ്വീസുകൾ ഡ്രൈവർമാർ ഇല്ലെന്ന കാരണം കൊണ്ട് കുറെ ദിവസങ്ങളായി നിർത്തി വച്ചിരിക്കുകയാണ്. ഈ പ്രയാസം പരിഹരിക്കുന്നതിന് ആവശ്യമായ ഡ്രൈവർമാരെ നിയമിച്ച് ജനങ്ങളുടെ യാത്രാ ദുരിതം പരിഹരിക്കാനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) : സർ, പാലക്കാട് യൂണിറ്റിൽ അനുവദിച്ചിരുന്ന 86 ഷെഡ്യൂളുകൾ പ്രവർത്തിപ്പിക്കാൻ (ഓർഡിനറി ഉൾപ്പെടെയുള്ളത്) നിലവിലുള്ള മാനദണ്ഡമനുസരിച്ച് 237 ഡ്രൈവർമാരാണ് ആവശ്യമായിട്ടുള്ളത്. എന്നാലിപ്പോൾ പാലക്കാട് യൂണിറ്റിൽ 244 ഡ്രൈവർമാരുണ്ട്. ഡ്രൈവർമാരുടെ കുറവ് മൂലം സർവ്വീസ് നിർത്തി വയ്ക്കേണ്ട ആവശ്യം ഇപ്പോൾ ഇല്ല. എന്നാൽ ആകസ്മികമായി ഡ്രൈവർമാർ ഹാജരാകാതെ വരുന്ന അവസരത്തിൽ യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്തതും വരുമാനം കുറഞ്ഞതുമായ ചില സർവ്വീസുകൾ റദ്ദ് ചെയ്യേണ്ടി വന്നിട്ടുണ്ട്. ജനുവരി മാസത്തിൽ ആദ്യത്തെ 15 ദിവസം ശരാശരി 75 ഷെഡ്യൂളുകൾ സർവ്വീസ് നടത്തിയിരുന്ന സ്ഥാനത്ത് ഫെബ്രുവരി മാസം 82 ഷെഡ്യൂളുകൾ സർവ്വീസ് നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ പാലക്കാട് നിന്നും കുറ്റിപ്പുറത്തേക്ക് രണ്ടു സർവ്വീസുകൾ ഉണ്ട്. അത് നിറുത്തിവച്ചിട്ടുണ്ടോയെന്ന് ഞാൻ പ്രത്യേകം പരിശോധിക്കുകയും അങ്ങനെയുണ്ടെങ്കിൽ അത് ഉടനെതന്നെ തുടങ്ങാനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതുമാണ്.

(17) കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി

ശ്രീ. തമ്പാനൂർ രവി : സർ, കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. കൂടുതൽ കൂടുതൽ നഷ്ടത്തിലേക്ക് പോകുകയാണ്. വരുമാനവും ചെലവും തമ്മിൽ യാതൊരു പൊരുത്തവുമില്ല. ഈ നിലയിൽ പോകുകയാണെങ്കിൽ ഈ സ്ഥാപനം ലിക്വിഡേഷനിലെത്തിച്ചേരും. ജീവനക്കാർക്കും നാട്ടുകാർക്കും

LIBRARY ARCHIVES Kerala Legislative Assembly.